(ബി) മരുന്നു വാങ്ങുന്നതിലെ ക്രമക്കേടുകൾ ഒഴിവാക്കുന്നതിനും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഗുണനിലവാരം കുറഞ്ഞ മരുന്നുകളും മറ്റും വാങ്ങി സ്റ്റോക്ക് ചെയ്തിട്ടുണ്ടെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) ഗുണനിലവാരമില്ലാത്ത മരുന്നുകൾ എന്തുമാത്രം സ്റ്റോക്ക് ഉണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഇ) സി.പി.സി. വഴി ഗുണനിലവാരം ഉറപ്പാക്കിയാണ് മരുന്നുകൾ വാങ്ങുന്നത്. സി.പി.സി. വഴിയുള്ള മരുന്നുകളുടെ വിതരണം കാര്യക്ഷമമായ ഒരു സമ്പ്രദായമായി കണക്കാക്കുന്നു. ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ തക്കതായ നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിലുള്ള സമ്പ്രദായം മാറ്റുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

"ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുകൾ"

151 (3080)ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഏതെല്ലാം വിഭാഗങ്ങളിലായി ഏതെല്ലാം തസ്തികകളിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ട്;

(ബി) ഇതിൽ വകുപ്പു മേധാവികളുടെ ഒഴിവുകൾ ഉണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഒഴിവുകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 32 വകുപ്പുകളിലായി 49 ഡോക്ടർമാരുടെ ഒഴിവുകളുണ്ട്.

(ബി) ഉണ്ട്. രണ്ട് ഒഴിവുകൾ (ടി.ബി. ആന്റ് ചെസ്റ്റ് വിഭാഗത്തിൽ ഒരെണ്ണവും ന്യൂറോ വിഭാഗത്തിൽ മറ്റൊരെണ്ണം)

(സി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly